<u>നം.കെ.എസ്.എ./ഐ.ഡി.കെ-**4/532/17.**</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

Phone : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 22.04.2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പ്രസിഡന്റ്
ഇടുക്കി ജില്ലാപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

വിഷയം :- ഇടുക്കി ജില്ലാ പഞ്ചായത്ത് – 2015-16- സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് –

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ജില്ലാ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരളാ പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15) .

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ് (ലോക്കൽഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക) .

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>പകർപ്പ് :-</u>

1. ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരി പത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി, തൊടുപുഴ.
3. കാര്യാലയ പ്രതി.

<u>നം.കെ.എസ്.എ./ഐ.ഡി.കെ-**4/532/17.**</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

Phone : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 22.04.2017.

## ഇടുക്കി ജില്ലാപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് നിയമം വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

*******************************

ഇടുക്കി ജില്ലാപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.01.2016 മുതൽ 13.02.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളീദാസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.02.2017മുതൽ 18.03.2017 വരെ | |

| | | |
|---|---|---|
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ. കെ. വിനോദ് | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. എം. കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ടി. ഒ. പോളി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. ടി. സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. യു. സണ്ണി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. എസ്. രാജീവ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഇ. വി. ജിബി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോസഫ് ചാക്കോ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീ. മെജോ കെ. ജോർജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എബി എബ്രാഹം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ. സി. | ഓഡിറ്റർ |
| | ശ്രീ. കെ. ബി. ബാബുരാജ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. എം. ടി. തോമസ് | 01.04.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.2015 മുതൽ 18.11.2015 വരെ |
| | കുമാരി. കൊച്ചുത്രേസ്യ പൗലോസ് | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. സഹീദ്. ഇ. | 01.04.2015 മുതൽ 10.05.2015 വരെ |
| | ശ്രീമതി. ഹലീമ പി. പി.<br>എക്സി. എഞ്ചിനീയർ (അധിക ചുമതല) | 11.05.2015 മുതൽ 14.05.2015 വരെ<br>29.12.2015 മുതൽ 01.02.2016 വരെ |
| | ശ്രീ. ബാബു എസ്.<br>എഫ്. ഒ. (അധിക ചുമതല) | 15.05.2015 മുതൽ 28.12.2015 വരെ |
| | ശ്രീ. ഷാജി കുര്യൻ | 02.02.2016 മുതൽ 31.03.2016 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ഹലീമ പി. പി. | 01.04.2015 മുതൽ 31.03.2016 വരെ |
| വിദ്യാഭ്യാസ ഉപ ഡയറക്ടർ | ശ്രീമതി. അനില ജോർജ് | 01.04.2015 മുതൽ 18.05.2015 വരെ |
| | ശ്രീമതി. കെ. വി. പങ്കജാക്ഷി | 19.05.2015മുതൽ 26.05.2015 വരെയും<br>01.06.2015 മുതൽ 25.08.2015 വരെയും |
| | ശ്രീ. കെ. എൻ. ശശിധരൻ | 27.05.2015 മുതൽ 31.05.2015 വരെ |
| | ശ്രീ. സുരേഷ് മാത്യു | 26.08.2015 മുതൽ 31.03.2016 വരെ |
| ജില്ലാ സാമൂഹ്യനീതി ഓഫീസർ | ശ്രീമതി. സോഫി ജേക്കബ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ | ശ്രീ. സി. യു. ജോൺ | 01.04.2015 മുതൽ 31.03.2016 വരെ |
| ഫാം സൂപ്രണ്ട് (ജില്ലാ കൃഷി ഫാം, അരിക്കുഴ) | ശ്രീമതി. ലിയോണി തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |
| അസി. ഡയറക്ടർ (മൃഗ സംരക്ഷണം) ജില്ല പൗൾട്രി ഫാം, കോലാനി | ഡോ. ബിജു പി. ചെമ്പരത്തി | 01.04.2015 മുതൽ 31.03.2016 വരെ |
| ജില്ലാ മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ആനി ജോയി കെ. കെ. | 01.04.2015 മുതൽ 30.04.2015 വരെ |
| | ഡോ. സി. ഐ. ഹമീദ് | 01.05.2015 മുതൽ 31.01.2016 വരെ |
| | ഡോ. വത്സമ്മ | 01.02.2016 മുതൽ 31.03.2016 വരെ |

ഉള്ളടക്കം



| ക്രമ നം | ഖണ്ഡിക നം. | ഭാഗം – 1 | പേജ് നം. |
|---|---|---|---|
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തനത് വരുമാനം | |
| 8 | 1-8 | ക്ഷേമ പദ്ധതികൾ | |
| 9 | 1-9 | കാഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | 1-12 | വാർഷിക കണക്ക് അപാകതകൾ | |
| 13 | 1-13 | ആർ എം എസ് എ ഫണ്ട്-സ്ഥിര നിക്ഷേപം നടത്തിയത് | |
| ഭാഗം-2 (വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) | | | |
| 14 | 2-1 | വാടക ഈടാക്കിയില്ല | |
| 15 | 2-2 | മുരിക്കാശ്ശേരി കമ്മ്യൂണിറ്റി ഹാൾ വരുമാനം ലഭിക്കുന്നില്ല | |
| 16 | 2-3 | സംസ്ഥാന സീഡ് ഫാം -ഉൽപാദിപ്പിച്ച നെല്ല് വിറ്റതിന്റെ വില ലഭ്യമാക്കിയിട്ടില്ല | |
| ഭാഗം-3 (ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) | | | |
| 17 | 3-1 | പദ്ധതി നിർവ്വഹണത്തിൽ വൻ വീഴ്ച | |
| 18 | 3-2 | ബിറ്റുമിൻ വില ടെണ്ടർ കിഴിവിന് പരിഗണിച്ചില്ല നഷ്ടം ₹5,47,922/- | |
| 19 | 3-3 | ബിറ്റുമിന്റെ വിലയിലെ കുറവ് -അന്തിമബില്ലിൽ ക്രമീകരിച്ചില്ല - നഷ്ടം ₹3,19,265/- | |
| 20 | 3-4 | ബിറ്റുമിന്റെ വിലവ്യത്യാസം കരാറുകാരിൽ നിന്നും ഈടാക്കിയില്ല – നഷ്ടം ₹21.86 ലക്ഷം | |
| 21 | 3-5 | സർക്കാർ ഉത്തരവ് ലംഘിച്ച് നിർമ്മിതി കേന്ദ്രത്തിനെ മരാമത്ത് വേല ഏൽപ്പിച്ചു - മരാമത്ത് വേലയ്ക്ക് സർവ്വീസ് ടാക്സ് നൽകി – പഞ്ചായത്ത് ഫണ്ടിന് നഷ്ടം | |
| 21 | 3-6 | റോഡ് കോൺക്രീറ്റിംഗ് – അളവിൽകുറവ് - നഷ്ടം - ₹2,37,824/- | |
| 22 | 3-7 | സ്ഥലംമാറ്റ യാത്രപ്പടി നിയമവിരുദ്ധമായി പിൻവലിച്ചത് | |
| 23 | 3-8 | മൂന്നാർ ഗ്രാമപഞ്ചായത്ത് – കടലാർ വെസ്റ്റ് ഡിവിഷൻ റോഡ് കോൺക്രീറ്റിംഗ് (പ്രൊജക്ട് നം. 604/16) – അധിക നിരക്ക് നല്കിയതിനാൽ നഷ്ടം | |

| | | | |
|---|---|---|---|
| 24 | 3-9 | ചിക്കണാംകുടി വാലായ്മപ്പുര – വാട്ടർടാങ്ക് സ്ഥാപിച്ചില്ല – നഷ്ടം- ₹10,000/- | |
| 25 | 3-10 | മറയൂർ കോടക്കളംപെട്ടി എസ്.റ്റി. കോളനി പൈപ്പ് ലൈൻ അറ്റകുറ്റപ്പണി - പ്രവൃത്തി നിർവ്വഹിക്കാതെ പണം ചെലവ് ചെയ്തിരിക്കുന്നു | |
| 26 | 3-11 | ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്ര വാഹന വിതരണം – പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ - ചെലവ് തടസ്സം | |
| 27 | 3-12 | വാഗമൺ കുടിവെള്ള പദ്ധതി – പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ | |
| 28 | 3-13 | വിഷൻ – 2020 പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്ക് ഉപയുക്തമായ നടപടികൾ ആവിഷ്കരിച്ചിട്ടില്ല – ചെലവ് തടസ്സം | |
| 29 | 3-14 | ബിറ്റുമിൻ വാങ്ങുന്നതിന് തുക കൈമാറിയെങ്കിലും പ്രവൃത്തി ചെയ്തിട്ടില്ല | |
| 30 | 3-15 | വാറ്റ് കുറഞ്ഞ നിരക്കിൽ ഈടാക്കി – സംസ്ഥാന സർക്കാരിന് ₹8,38,015/-നഷ്ടം | |
| 31 | 3-16 | വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് അറ്റകുറ്റപ്പണി - പൊതു പണത്തിന്റെ ദുർവ്യയം | |
| 32 | 3-17 | മൂന്നാർ ഗ്രാമപഞ്ചായത്ത് - പാമ്പൻമല കുടിവെള്ള പദ്ധതി - ടാങ്ക് ഉപയോഗപ്രദമായില്ല | |
| 33 | 3-18 | കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | |
| 34 | 3-19 | ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് - ടാങ്ക് കുടി വാലായ്മപ്പുര നിർമാണം - ലക്ഷ്യം കൈവരിച്ചില്ല | |
| 35 | 3-20 | വാത്തിക്കുടി 16-ാം കണ്ടം ഗവർമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അറ്റകുറ്റപ്പണി – പൊളിച്ചുനീക്കിയ സാധനങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടില്ല | |
| 36 | 3-21 | പെരുംകാല - ആനക്കൊമ്പൻ റോഡ് നിർമ്മാണം - അപാകതകൾ | |
| 37 | 3-22 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | |
| 38 | 3-23 | കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയിട്ടില്ല | |
| ഭാഗം – 4 ( പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും) | | | |
| 39 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | |
| 40 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | |
| 41 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുകയുടെ വിവരങ്ങൾ | |
| 42 | 4-4 | വായ്പ /വായ്പാ തിരിച്ചടവ് | |
| 43 | 4-5 | സ്ഥിര നിക്ഷേപങ്ങൾ | |
| 44 | 4-6 | ഓഡിറ്റ് റിക്കവറി | |
| 45 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 46 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 47 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | |
| അനുബന്ധം | | | |

| | | | |
|---|---|---|---|
| 48 | 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 49 | 2 | ബിറ്റുമിന്റെ വില ടെണ്ടർ കിഴിവിന് പരിഗണിക്കാത്തത് കൊണ്ടുണ്ടായ നഷ്ടം കാണിക്കുന്ന പത്രിക | |
| 50 | 3 | ബിറ്റുമിന്റെ കമ്പോള വിലയിലെ കുറവ് അന്തിമ ബില്ലിൽ ക്രമീകരിക്കാതിരുന്നതിനാലുണ്ടായ നഷ്ടം കാണിക്കുന്ന പത്രിക | |
| 51 | 4 | ബിറ്റുമിന്റെ വിലവ്യത്യാസം കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നതിനാലുണ്ടായ നഷ്ടം കാണിക്കുന്ന പത്രിക | |
| 52 | 5 | വാറ്റ് കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം കാണിക്കുന്ന പത്രിക | |

**************************

## ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 16.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 12.08.2016 | - | - |

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 9(2) വകുപ്പ് അനുസരിച്ച് തൻവർഷത്തെ ധനകാര്യ പത്രിക 31.07.2016നകം സമർപ്പിക്കാതിരുന്നത് ഗൗരവമേറിയ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. പ്രസ്തുത നടപടി ഭാവിയിൽ ആവർത്തിക്കാതെയിരിക്കുവാൻ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം – 1 ആയി ചേർത്തിരിക്കുന്നു.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹45,70,81,758.00 |
| വരവ് | ₹22,98,77,115.00 |
| ആകെ | ₹68,69,58,873.00 |
| ചെലവ് | ₹61,26,84,229.00 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹7,42,74,644.00 |

## 1-5 ഫണ്ട് വിനിയോഗം

ജില്ലാപഞ്ചായത്തിന് അനുവദിച്ച ബജറ്റ് വിഹിതം, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ട്രഷറി പത്രിക, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ച പ്രകാരം ഗ്രാമപഞ്ചായത്തിന് 2015-16ൽ ലഭ്യമായ വിവിധ ഫണ്ടുകൾ, അവയുടെ ചെലവ് വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി ₹ | ലഭ്യമായ ഫണ്ട് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 151683618 | 366893611 | 518577229 | 230881966 | 44.52 |
| വികസനഫണ്ട് - എസ്.സി.പി. | 77577947 | 92221000 | 169798947 | 60667105 | 35.73 |
| വികസനഫണ്ട് - ടി.എസ്.പി. | 32620867 | 40030000 | 72650867 | 41784674 | 57.51 |
| സംരക്ഷണഗ്രാന്റ് - റോഡ് | 45853048 | 149222000 | 195075048 | 52757286 | 27.04 |
| സംരക്ഷണഗ്രാന്റ് - നോൺ റോഡ് | 44389104 | 50701000 | 95090104 | 33547075 | 35.28 |
| ബി-ഫണ്ട് | 0 | 40719035 | 40719035 | 40719035 | 100 |

30.10.2015ന് എസ്.സി.പി, ടി.എസ്.പി. അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന നീക്കിയിരുപ്പ് തുക ₹7,97,28,611/- (57605270+22123341) വികസനഫണ്ട് – പൊതുവിഭാഗത്തിലേക്ക് വകയിരുത്തി. വികസനഫണ്ട് – പൊതുവിഭാഗം പി. ഡി. അക്കൗണ്ടിൽ 2015-16 വർഷം ആകെയുണ്ടായിരുന്നത് ₹23,14,12,229/- (മുന്നിരിപ്പ്+എസ്.സി.പി., ടി.എസ്.പി. അക്കൗണ്ടുകളിൽ നിന്നും ട്രാൻസ്ഫർ ചെയ്തത്). എന്നാൽ, 2015-16 സാമ്പത്തിക വർഷം പൊതുവിഭാഗത്തിൽ ₹23,08,81,966/- മാത്രമാണ് ചെലവഴിച്ചത്. അതിനാൽ, 31.03.2016ൽ വികസനഫണ്ട് – പൊതുവിഭാഗം പി.ഡി. അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്ന ₹5,30,263/- ലാപ്സായി.

റോഡിതര സംരക്ഷണ ഗ്രാന്റ് മുന്നിരിപ്പ് തുക കുറവായിരുന്നതിനാലും ബിൽ ഹാജരാക്കിയ വേളയിൽ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലായിരുന്നതിനാലും റോഡ് സംരക്ഷണ ഗ്രാന്റിൽ നിന്നും ₹2,68,836/- വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1023 | 1364233077 | 355 | 531261128 | - | - | 34.70 |

ആകെ പദ്ധതി അടങ്കലിന്റെ 38.4 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

നിർവ്വഹണ ഉദ്യോഗസ്ഥരായ ജില്ലാ ആശുപത്രി സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി), ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ-കുടുംബശ്രീ, എന്നിവർ 2015-16 ൽ ഒരു പ്രോജക്റ്റ് പോലും നടപ്പാക്കിയില്ല. എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 939 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 316 എണ്ണമാണ് തൻവർഷം നടപ്പാക്കിയത്. 10 ലക്ഷത്തിൽ കൂടുതൽ അടങ്കലുള്ള പ്രോജക്ടുകൾ മാത്രമേ നടപ്പാക്കാവൂ എന്ന് ജില്ലാ പഞ്ചായത്തുകൾക്ക് സർക്കാർ നിർദേശമുണ്ടായിരിക്കെ 10 ലക്ഷത്തിൽ താഴെ അടങ്കലുള്ള പ്രോജക്ടുകളാണ് ഭൂരിഭാഗവും ആവിഷ്കരിച്ചിരിക്കുന്നത്.

പൊതുവിഭാഗത്തിൽ 111.33 കോടിയുടെ പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 42.88 കോടിമാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പട്ടികജാതിവിഭാഗത്തിൽ 17.43 കോടിയുടെ പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 46.06 കോടിമാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പട്ടികവർഗ്ഗവിഭാഗത്തിൽ 7.65 കോടിയുടെ പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 4.18 കോടിമാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഉത്പാദന മേഖലയിൽ 24.52 ശതമാനവും സേവനമേഖലയിൽ 46.65 ശതമാനവും പശ്ചാത്തലമേഖലയിൽ 34.37 ശതമാനവും തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ടുകളുടെ എണ്ണം കൂട്ടി ഘട്ടങ്ങളായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനു പകരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പൂർണ്ണമായും ഏകവർഷമായി തന്നെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പാക്കുന്നതിന് ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം ₹ | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| നികുതിയേതര വരവുകൾ | 82,07,107 | 1230969 | (-)6976138 | (-)85 |
| മറ്റ് വരവുകൾ | 28308 | 29719 | (-)1411 | 95 |
| അകെ | 82,35,415 | 1260688 | (-)6974727 | 85 |

## 1-8 ക്ഷേമ പദ്ധതികൾ

– ഇല്ല –

## 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 17.03.2017-ൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പില്ല എന്ന് ബോദ്ധ്യപ്പെട്ടു. ഈ സ്ഥിതി ബുക്സ് ഓഫ് അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നു.

## 1-10 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ആസ്തി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എന്നിവ യഥാവിധി പരിപാലിച്ചിട്ടില്ല. സ്ഥാപനത്തിൽ സ്ഥിര ഉപയോഗത്തിന് സൂക്ഷിച്ചിട്ടുള്ള ഫർണീച്ചർ അടക്കമുള്ള വസ്തുക്കളുടെ വിവരം

രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ തന്നെ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.05.2016 മുതൽ 28.05.2016 വരെ | 2015-16 | 24.01.2017 |
| അക്കൗണ്ടന്റ് ജനറൽ | 04.03.2016 | 2013-14 & 2014-15 | 29.04.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. ബാലൻസ് ഷീറ്റിൽ പെൻഷൻ കോൺട്രിബ്യൂഷൻ (350110104) ബാധ്യതയായി ₹17,61,332.50 രേഖപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കേണ്ടതില്ലാത്തതിനാൽ ബാധ്യത കാണിച്ചിരിക്കുന്നത് തെറ്റാണ്.

2. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ ഡെപ്പോസിറ്റ് ഹെഡിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

3. ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ 31.03.2016ൽ നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ, തുകകളുടെ വിശദാംശങ്ങൾ വ്യക്തമല്ല.

| ഹെഡ് | തുക₹ |
|---|---|
| 320200399 | 76,50,000 |
| 320300199 | 8,30,351 |
| 320800199 | 54,79,633 |

4. നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

5. വരവിനങ്ങളുടെ തൻവർഷ കുടിശ്ശിക-ഡിമാന്റ് രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്താത്തതിനാൽ രജിസ്റ്ററുകളിലെ തുകകളും വാർഷിക കണക്കുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-13 ആർ.എം.എസ്.എ.ഫണ്ട് സ്ഥിര നിക്ഷേപം നടത്തിയത് – ക്രമ വിരുദ്ധം

ആർ.എം.എസ്.എ. പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഫണ്ട് യഥാസമയം ചെലവഴിക്കാതെ സ്ഥിര നിക്ഷേപം നടത്തി. ഫണ്ട് നിക്ഷേപിച്ചിട്ടുള്ള യൂണിയൻ ബാങ്കിലെ 346703350000001 നമ്പർ അക്കൗണ്ടിൽ നിന്നും 1.5 കോടി രൂപ 25/02/2016ൽ സ്ഥിര നിക്ഷേപമാക്കി മാറ്റിയിട്ടുണ്ട് (എഫ്.ഡി. നമ്പർ 346702010020930). പദ്ധതി പ്രവർത്തനത്തിനായി ലഭിച്ച തുക യഥാസമയം ചെലവഴിക്കാതെ സ്ഥിരനിക്ഷേപം നടത്തിയ നടപടി ക്രമവിരുദ്ധമാണ്. മേൽ തുക ഉപയോഗിച്ച് പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

*********************

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാടക ഈടാക്കിയില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ, പൈനാവ് ഷോപ്പിംഗ് കോംപ്ലക്സിലെ ആറാം നമ്പർ മുറി വാടകയ്ക്ക് എടുത്തിട്ടുള്ള മനോജ് ടി. ആർ. എന്ന വ്യക്തിയിൽ നിന്നും 2015-16 വർഷത്തെ വാടക ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. പ്രതിമാസം ₹9,609/-യാണ് വാടക. 4/2015 മുതൽ 3/2016 വരെയുള്ള വാടക ₹1,15,308/- പിഴ പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 2-2 മുരിക്കാശ്ശേരി കമ്മ്യൂണിറ്റി ഹാൾ വരുമാനം ലഭിക്കുന്നില്ല

2015-16 വർഷം മുരിക്കാശ്ശേരി കമ്മ്യൂണിറ്റി ഹാളിന്റെ വാടകയായി വാത്തിക്കുടി ഗ്രാമപഞ്ചായത്ത് പിരിച്ച തുകയിൽ ജില്ലാപഞ്ചായത്തിന് അർഹമായ തുക ലഭിച്ചിട്ടില്ല. വാടക ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് (വിശദാംശങ്ങൾക്ക് 2014-15 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2 കൂടി കാണുക).

### 2-3 സംസ്ഥാന സീഡ് ഫാം - ഉൽപാദിപ്പിച്ച നെല്ല് വിറ്റതിന്റെ വില ലഭ്യമാക്കിയിട്ടില്ല

ജില്ലാപഞ്ചായത്തിന് കൈമാറ്റപ്പെട്ട സ്ഥാപനമായ സംസ്ഥാന സീഡ് ഫാമിൽ 2015-16 വർഷം ഉൽപാദിപ്പിച്ച നെല്ല് വിറ്റതിന്റെ പണം കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വിത്തിനം | വിളവെടുത്ത വിത്ത് കിലോ ഗ്രാമിൽ | കെ.എസ്.എസ്.ഡി.എ.-യ്ക്ക് വിറ്റത് | വില ₹ |
|---|---|---|---|
| ഉമ എഫ്.എസ്.II | 14715 | 3600 | 108000 |
| ഉമ എഫ്.എസ്.I | 10020 | 10020 | 250500 |
| ജ്യോതി.എഫ്.എസ്.I I | 9420 | 9420 | 282600 |
| ആകെ | | | 641100 |

നെല്ല് വിത്ത് വിറ്റ വകയിൽ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്നും ലഭിക്കുവാനുള്ള ₹6,41,100/- ഈടാക്കുന്നതിന് ഉചിതമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി നിർവ്വഹണത്തിൽ വൻ വീഴ്ച

ജില്ലാപഞ്ചായത്തിന്റെ പദ്ധതി ആവിഷ്കരണത്തിലും നടത്തിപ്പിലും മോണിറ്ററിംഗിലും ഗുരുതരമായ അലംഭാവമാണ് നടന്നിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷം ₹136.42 കോടി അടങ്കലിൽ 1023 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 355 (34.70 ശതമാനം) പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. ആകെ പദ്ധതി അടങ്കലിന്റെ 38.4 ശതമാനം മാത്രമാണ് ചെലവഴിച്ചത്. 2015-16 സാമ്പത്തിക വർഷം ആവിഷ്കരിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, ആകെ അടങ്കൽ, ചെലവഴിച്ച തുകകൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 51 | 25 | 49.02 | 148170941 | 81362650 | 54.91 |
| 2 | പ്രോജക്ട് ഓഫീസർ (ഐ.ടി.ഡി.പി) | 3 | 1 | 33.33 | 4000000 | 920000 | 23.00 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ പൊതു വിദ്യാഭ്യാസം | 8 | 4 | 50.00 | 6764000 | 3252803 | 48.09 |
| 4 | മിഷൻ കോ-ഓർഡിനേറ്റർ കുടുംബശ്രീ | 1 | 0 | 0 | 300000 | 0 | 0 |
| 5 | പട്ടികജാതി വികസന ഓഫീസർ | 2 | 0 | 0 | 1300000 | 0 | 0 |
| 6 | സാമൂഹ്യനീതി ഓഫീസർ | 1 | 1 | 100 | 923159 | 899763 | 97.47 |
| 7 | മെഡിക്കൽ ഓഫീസർ അലോപ്പതി | 3 | 0 | 0 | 1073788 | 0 | 0 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1 | 100.00 | 1600000 | 1600000 | 100.00 |
| 9 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 939 | 316 | 33.65 | 1121198922 | 373430412 | 33.31 |
| 10 | പ്രോജക്ട് ഓഫീസർ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 4 | 3 | 75.00 | 71214648 | 65995500 | 92.67 |
| 11 | സൂപ്രണ്ട് ജില്ലാ ആശുപത്രി | 3 | 0 | 0 | 1187619 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | സൂപ്രണ്ട്, ജില്ലാ ആയുർവ്വേദ ആശുപത്രി | 5 | 2 | 40.00 | 5400000 | 2700000 | 50.00 |
| 13 | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 2 | 2 | 100.00 | 1100000 | 1100000 | 100.00 |
| | ആകെ | 1023 | 355 | 34.70 | 1364233077 | 531261128 | 38.94 |

കുടിവെള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ ഗുരുതരമായ കൃത്യവിലോപമാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുമുണ്ടായിരിക്കുന്നത്. ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള ഭൂരിഭാഗം കുടിവെള്ള പദ്ധതികളും പൂർത്തിയാകാതെയോ ജലലഭ്യതയില്ലാതെയോ പ്രയോജനരഹിതമായി ശേഷിക്കുന്നു. വ്യക്തമായ ലക്ഷ്യമില്ലാതെയാണ് കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ബഹുവർഷ പദ്ധതികളായി നടപ്പാക്കുന്നതുമൂലം ജനങ്ങൾക്ക് വേണ്ട സമയത്ത് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. കിണർ/കുളം കുഴിക്കുന്നതിന് ഒരു പ്രോജക്ട്, ജലം കൊണ്ടുവരുന്നതിനും വിതരണം ചെയ്യുന്നതിനും തുടർവർഷങ്ങളിൽ പ്രത്യേക പ്രോജക്ടുകൾ, എന്നിങ്ങനെ ഘട്ടങ്ങളായി നടപ്പാക്കുന്നതുമൂലം പദ്ധതിക്കായി വാങ്ങുന്ന സാമഗ്രികൾ നഷ്ടപ്പെട്ട് പോകുന്നതിനും ഉപയോഗരഹിതമാകുന്നതിനും കാരണമാകുന്നുണ്ട്. ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച വാഗമൺ പാറക്കെട്ട് കുടിവെള്ള പദ്ധതി, ചൊരക്കാമൊട്ട കുടിവെള്ള പദ്ധതി എന്നിവ ഇതിന് ദൃഷ്ടാന്തമാണ്. കടുത്ത വേനൽ മൂലം ജനങ്ങൾ കുടിവെള്ളത്തിനായി കിലോമീറ്ററുകൾ നടക്കേണ്ടി വരുമ്പോഴും പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികൾ നിഷ്ഫല ആസ്തികളായി പരിണമിച്ചിരിക്കുകയാണ്.

ജില്ലാപഞ്ചായത്ത് 2015-16ൽ ഏറ്റെടുത്ത വിവിധ കമ്മ്യൂണിറ്റി ഹാളുകൾ, ലൈബ്രറി മന്ദിരങ്ങൾ, സാംസ്കാരിക നിലയങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പല കെട്ടിടങ്ങളുടേയും പണികൾ പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. കെട്ടിടങ്ങൾ പൂർണ്ണമായും നിർമ്മിച്ചിട്ടില്ലാത്തതിനാൽ നാശോന്മുഖമാകുന്നതിനും സാമൂഹ്യവിരുദ്ധരുടെ താവളമാകുന്നതിനും ഇടയാകുന്നുണ്ട്. ജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കാതെ നിഷ്ക്രിയ ആസ്തികളായി പരിണമിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ തുടർ പണികൾ വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടങ്ങൾ പണിയുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ കെട്ടിടത്തിന് ആവശ്യമായ എല്ലാ വേലകൾക്കും എസ്റ്റിമേറ്റ് എടുക്കേണ്ടതും പ്രോജക്ടുകൾ എക വർഷമായിത്തന്നെ നടപ്പാക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതുമാണ്.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയിട്ടുള്ള പ്രോജക്ടുകളിൽ കൺവീനർമാർ കണക്കുകൾ സമർപ്പിച്ചിട്ടില്ല. അസ്സൽ ബില്ലുകൾ, വൗച്ചറുകൾ, മസ്റ്റർ റോളുകൾ എന്നിവ പരിശോധിക്കാതെ അളവ് ബുക്ക് പ്രകാരമുള്ള തുക അംഗീകരിച്ച് ബില്ലുകൾ മാറി നല്കുന്നതായി കാണുന്നു. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ കൃത്യമായി മോണിറ്റർ ചെയ്യുന്നില്ല.

പ്രോജക്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പകരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പൂർണ്ണമായും ഏകവർഷമായി തന്നെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പാക്കുന്നതിന് ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## **3-2** ബിറ്റുമിൻ വില ടെണ്ടർ കിഴിവിന് പരിഗണിച്ചില്ല നഷ്ടം **- ₹5,47,922/-**

കരാറുകാർ മുഖേന ചെയ്തിരിക്കുന്ന ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ കരാറുകാർ തന്നെ വാങ്ങിയിരിക്കുകയാണ്. ടെണ്ടർ കിഴിവ് ക്വോട്ട് ചെയ്ത പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ബിറ്റുമിന്റെ വില കിഴിച്ചതിന് ശേഷമാണ് ടെണ്ടർ കിഴിവ് കണക്കാക്കിയിരിക്കുന്നത്. ഡിപ്പാർട്ട്മെന്റൽ സപ്ലൈ ഉള്ള സാധനങ്ങളുടെ വില മാത്രമേ ടെണ്ടർ വ്യത്യാസത്തിന് പരിഗണിക്കാതിരിക്കാൻ സാധിക്കൂ. കരാറുകാർ സ്വയം വാങ്ങിയ ബിറ്റുമിന്റെ വില ടെണ്ടർ കിഴിവിന് പരിഗണിക്കാതിരുന്നതു മൂലം ₹5,10,724/- ജില്ലാപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

ഈ തുക തിരികെ ഈടാക്കി ജില്ലാപഞ്ചായത്തിൽ ഒടുക്കാത്തപക്ഷം ബില്ലുകൾ പാസ്സാക്കിയ എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-3 ബിറ്റുമിന്റെ വിലയിലെ കുറവ് - അന്തിമബില്ലിൽ ക്രമീകരിച്ചില്ല - നഷ്ടം ₹3,19,265/-

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18-03-2014-ലെ ജി.ഒ.(ആർ.റ്റി)789/2014 നമ്പർ ഉത്തരവിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന റോഡ് പണിക്ക് ബിറ്റുമിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ (ജില്ലാപഞ്ചായത്തിന്റെ കാര്യത്തിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ) ബിൽ നിരക്ക് പ്രകാരം നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. 2012-ലെ അംഗീകൃത നിരക്കിൽ (44.058/കി.ഗ്രാം.) നിന്ന് ബിറ്റുമിന്റെ വിലയെ സ്വതന്ത്രമാക്കിയെന്നും ആയതിനാൽ വില വർദ്ധിക്കുമ്പോൾ അധിക തുക നല്കാമെന്നും വില കുറയുമ്പോൾ പ്രസ്തുത വ്യത്യാസം അന്തിമ ബില്ലിൽ നിന്ന് കുറവ് വരുത്തണമെന്നുമാണ് ഇതർത്ഥമാക്കുന്നത്.

ഭൂരിപക്ഷം പ്രവൃത്തികളുടെയും അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ ബിറ്റുമിന്റെ വിലക്കുറവ് കൊണ്ടുണ്ടായ വ്യത്യാസം ആകെ പ്രവൃത്തി മൂല്യത്തിൽനിന്ന് കുറച്ചിട്ടുണ്ടെങ്കിലും ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ സംഗതിയിൽ പ്രസ്തുത കുറവ് വരുത്തിയിട്ടില്ല.

വിശദാംശങ്ങൾ അനുബന്ധം – 3 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

ഓഡിറ്റിൽ കണ്ടെത്തിയ വിവരം രേഖാമൂലം (ഓഡിറ്റ് എൻക്വയറി) അധികൃതരെ അറിയിച്ചെങ്കിലും മറുപടി ലഭിച്ചില്ല. നഷ്ട തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം അന്തിമബിൽ കൃത്യമായി തയ്യാറാക്കി പാസ്സാക്കുന്നതിൽ വീഴ്ച വരുത്തിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 ബിറ്റുമിന്റെ വിലവ്യത്യാസം കരാറുകാരിൽ നിന്നും ഈടാക്കിയില്ല - ചെലവ് തടസ്സം ₹21.86 ലക്ഷം

ഡി.എസ്.ആർ. പ്രകാരമുള്ള ബിറ്റുമിന്റെ വിലയായ ₹50,600/- ടൺ നിരക്കാണ് റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർക്ക് നൽകിയിരിക്കുന്നത്. എന്നാൽ 2015-16 വർഷം ബിറ്റുമിന്റെ മാർക്കറ്റ് വില ഇതിലും കുറവാണ്. 18.03.2014ലെ ജി.ഒ.(ആർ.ടി)789/14 /തസ്വഭവ. പ്രകാരം ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ പ്രകാരമുള്ള തുകയാണ് ബിറ്റുമിന്റെ വിലയായി അനുവദിക്കാവുന്നത്. ഈ ഉത്തരവ് നാളിതുവരെ റദ്ദ് ചെയ്യപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ഡി.എസ്.ആർ. പ്രകാരമുള്ള ബിറ്റുമിന്റെ വിലയായ ₹50,600/- ടൺ നൽകിയതിലൂടെ റോഡ് ടാറിംഗിന് അധിക നിരക്ക് അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.

വിശദാംശങ്ങൾ അനുബന്ധം 4 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

ഇതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും നഷ്ടം സ്ഥിരീകരിക്കപ്പെടുന്നുവെങ്കിൽ ഈയിനത്തിലുള്ള ₹21,86,331/- ഉത്തരവാദിയായ എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 3-5 സർക്കാർ ഉത്തരവ് ലംഘിച്ച് നിർമ്മിതി കേന്ദ്രത്തിനെ മരാമത്ത് വേല ഏൽപ്പിച്ചു - മരാമത്ത് വേലയ്ക്ക് സർവ്വീസ് ടാക്സ് നൽകി-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് സംവിധാനം ശക്തിപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ നിർമ്മിതി കേന്ദ്രം പോലുള്ള ഏജൻസികളെ പൊതുമരാമത്ത് വേലകൾ ഏൽപ്പിക്കരുതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 30/01/2013ലെ ജി.ഒ.(സാധാ.)നം. 244/2013 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവ് ലംഘിച്ചുകൊണ്ട് വൻ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ നിർമ്മിതി കേന്ദ്രത്തിനെ

ഏൽപ്പിച്ചു. ഇതുമൂലം അഞ്ചു ലക്ഷത്തിന് മുകളിൽ അടങ്കലുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ ചെയ്യണമെന്നുമുള്ള തദ്ദേശ ഭരണ വകുപ്പിന്റെ 30/04/2015ലെ (ആർ.റ്റി)1288/2015 നമ്പർ ഉത്തരവും ലംഘിക്കപ്പെട്ടു. മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് എക്സി. എഞ്ചിനീയറാണ് നിർവ്വഹിക്കേണ്ടതെങ്കിലും സെക്രട്ടറിയാണ് പദ്ധതി നിർവ്വഹണം നടത്തിയത്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് നിർമ്മിതി കേന്ദ്രം തന്നെയാണ്. രണ്ട് ശതമാനം ഇൻസ്റ്റിറ്റ്യൂഷൻ ചാർജ്ജ് നിർമ്മിതി കേന്ദ്രത്തിന് കൊടുത്തത് കൂടാതെ 5.7 ശതമാനം സർവീസ് ടാക്സ് കൂടി നൽകിയിട്ടുണ്ട്. കോൺട്രാക്ടർ മുഖേനയോ, കൺവീനർ മുഖേനയോ മരാമത്ത് വേലകൾ ചെയ്യുമ്പോൾ ഇത്തരം ടാക്സ് നൽകേണ്ടതില്ലാത്തപ്പോൾ അക്രഡിറ്റഡ് ഏജൻസിക്ക് സർവ്വീസ് ചാർജ് നൽകിയതിലൂടെ പഞ്ചായത്ത് ഫണ്ടിന് സാമ്പത്തിക നഷ്ടം ഉണ്ടായി.

മരാമത്ത് പ്രവർത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും സർവ്വീസ് ചാർജ് നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ ഈയിനത്തിൽ ചുവടെ ചേർത്തിരിക്കും പ്രകാരം നിർമ്മിതി കേന്ദ്രത്തിന് നൽകിയ ₹99,590/-ന്റെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടം നിർമ്മിതി കേന്ദ്രത്തെ പ്രവൃത്തി ഏൽപ്പിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. സുസജ്ജമായ എഞ്ചിനീയറിംഗ് സംവിധാനം നിലവിലുണ്ടായിരുന്നിട്ടും അതിന്റെ സേവനം പ്രയോജനപ്പെടുത്താതെയും സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായും പദ്ധതി നിർവ്വഹണം നടത്തിയതിനാൽ മേൽ നിരാകരിച്ച ₹99,590/- കുറച്ചുള്ള ₹34,00,304/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതി നം/പേര് | അടങ്കൽ ₹ | ആകെ ചെലവ് ₹ | | സേവന നികുതി | ബിൽ നമ്പർ/ തുക ₹ |
|---|---|---|---|---|---|---|
| 1 | 218/16 ജില്ലാപഞ്ചായത്ത് ഓഫീസ് നവീകരണം | 25,00,000 | ആകെ പ്രവർത്തി മൂല്യം | 22,66,540 | | 54/15-16 30.01.2016 ₹25,00,000/- |
| | | | ഇൻസ്റ്റിസ്റ്റ്യൂഷൻ ഫീസ്-2% | 45,331 | | |
| | | | വാറ്റ് -5% | 1,15,594 | | |
| | | | വെൽഫയർ ഫണ്ട് | 23,119 | | |
| | | | സർവ്വീസ് ടാക്സ്5-5.712% | 1,29,465 | ₹49,416/- (അടങ്കലിൽ പരിമിതപ്പെടുത്തിയത് കുറച്ച്) | |
| | ആകെ | | | 25,80,049 | | |
| | അടങ്കലിൽ പരിമിതപ്പെടുത്തിയത് | | | 25,00,000 | | |
| 2 | 1217/16 ജില്ലാപഞ്ചായത്ത് കോൺഫ്രൻസ് ഹാൾ നവീകരണം | 10,00,000 | ആകെ പ്രവർത്തി മൂല്യം | 8,78,394 | | 74/15-16 05.03.2016 ₹9,99,894/- |
| | | | ഇൻസ്റ്റിസ്റ്റ്യൂഷൻ ഫീസ്-2% | 17,568 | | |
| | | | വാറ്റ് – 5% | 44,798 | | |
| | | | വെൽഫയർ ഫണ്ട് | 8,960 | | |
| | | | സർവ്വീസ് ടാക്സ് 5-5.712% | 50,174 | 50,174 | |
| | ആകെ | | | 9,99,894 | | |
| | ആകെ സർവ്വീസ് ടാക്സ് | | | | 99,590 | |

## 3-6 റോഡ് കോൺക്രീറ്റിംഗ്- അളവിൽ കുറവ്, നഷ്ടം - ₹2,37,824/-

1) ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് – അളവിൽ കുറവ് - നഷ്ടം- ₹75,365/-
\

| | |
|---|---|
| പദ്ധതി | പച്ചപ്പുൽക്കൊടി- പാപ്പാത്തിച്ചോലകോൺക്രീറ്റ് (SO570/16) |
| കൺവീനർ | ജയരാജ് |
| അടങ്കൽ | ₹10,00,000/- |
| ബിൽനം./തീയതി/തുക | 127/2015-16/25.8.15 ₹9,85,847/- |
| എം-ബുക്ക് നം. | 30/15 |

എം. ബുക്ക് പ്രകാരം 226.30-മീറ്റർ റോഡ് കോൺക്രീറ്റ് പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. നേരിട്ടുള്ള സ്ഥല പരിശോധനയിൽ കോൺക്രീറ്റിന്റെ അളവ് 209 മീറ്ററാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി, എം-ബുക്ക് പ്രകാരമുള്ള അളവിനേക്കാൾ 17.30 മീറ്റർ കുറവായതിനാൽ ₹75,365/- (17.30 x 4356.37/ച.മീ.) ജില്ലാപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക ഉത്തരവാദികളായ എഞ്ചിനീയർമാരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

**2)**പെരുവന്താനം പഞ്ചായത്ത് - പ്രവൃത്തിയുടെ അളവിൽ കുറവ് - നഷ്ടം **₹1,19,927/-**

| | |
|---|---|
| പദ്ധതി | പുല്ലുപാറ കൊക്ക-മുള്ളനാനിക്കൽ പുരയിടം ഭാഗം റോഡ് കോൺ ക്രീറ്റിംഗ് (678/15) |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| കൺവീനർ | ടോംസൺ ജോസഫ്, തെക്കേടത്ത് |
| അടങ്കൽ | 2014-15-₹500000/-<br>2015-16-₹500000/-<br>ആകെ-₹100000/- |
| ബിൽ നം./തീയതി | 2014-15-126/14-15/30.01.2015,₹500000/-<br>2015-16-36/15-16/24.07.2015,₹500000/ |
| എം.ബുക്ക് നം | 181/2015 |

ജില്ലാപഞ്ചായത്ത് പെരുവന്താനം പഞ്ചായത്തിൽ 2014-15, 2015-16 വർഷങ്ങളിൽ പ്രോജക്ട് നം.1030/15 ആയി നടപ്പാക്കിയ പുല്ലുപാറ കൊക്ക-മുള്ളനാനിക്കൽ പുരയിടം ഭാഗം റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി 01.03.2017ൽ എൽ.എസ്.ജി.ഡി. പെരുവന്താനം സെക്ഷൻ, ഓവർസിയറുടെയും പ്രവൃത്തി ചെയ്ത കൺവീനറുടെയും സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ അളവ് പസ്തകത്തിലെ അളവും യഥാർത്ഥ അളവും തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുള്ളതായി കാണുന്നു.

അളവ് പുസ്തകം നം 181/15പ്രകാരം 1:4:8കോൺക്രീറ്റ് (പേജ് നം.3,4,15) 1:2:4 കോൺക്രീറ്റ് (പേജ് നം.5,6,16) എന്നിവ 202.2(122.2+80) മീറ്റർ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോൺക്രീറ്റ് ചെയ്ത പ്രതലം അളന്നപ്പോൾ മൂന്ന് "റീച്ചുകളിലായി "

171.4(30.2+61.2+80) മീറ്റർ നീളത്തിൽ മാത്രമാണ് കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത് എന്ന് കാണാൻ കഴിഞ്ഞു. ഇപ്രകാരം യഥാർത്ഥത്തിൽ നടത്തിയ പ്രവൃത്തിയേക്കാൾ 30.8 മീറ്റർ അധികമായി അളവ് രേഖപ്പെടുത്തിയത് മൂലം താഴെപ്പറയും പ്രകാരം ₹1,19,927/- നഷ്ടം ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | എം ബുക്ക് പേജ് നം. | പ്രവൃത്തി ഇനം | എം. ബുക്ക് പ്രകാരം അളവ് (ക്യൂ.മീ) | യഥാർത്ഥ അളവ് (ക്യൂ.മീ) | കുറവ് (ക്യൂ.മീ) | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|
| 1 | 4 | സി.സി 1:4:8 | 14x3x0.15 =6.3 | 10.2x3x0.15=4.6 | 1.7 | 1.7x4879ച.മീ =8294 |
| 2 | 4 | സി.സി 1:4:8 | 27x3x0.15=12.15 | 0 | 12.15 | 12.15x4879ച.മീ=59280 |
| 3 | 6 | സി.സി 1:2:4 | 14x3x0.075=3.15 | 10.2x3x.075=2.3 | 0.85 | 0.85x7560ച.മീ =6426 |
| 4 | 6 | സി.സി 1:2:4 | 27x3x.075=6.075 | 0 | 6.075 | 6.075x7560ച.മീ=45927 |
| | | | | ആകെ | | **1,19,927** |

മേൽപ്പറഞ്ഞ നഷ്ടം പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

**3)** പെരിയകനാൽ - പവർഹൗസ് റോഡ് – അളവിൽ കുറവ് - നഷ്ടം **₹42,532/-**

| | |
|---|---|
| പദ്ധതി | പെരിയകനാൽ - പവർഹൗസ് റോഡ് (SO571/16) |
| കൺവീനർ | ചെല്ലപ്പാണ്ടി |
| അടങ്കൽ | ₹10,00,000/- |
| ബിൽ നം./തീയതി/തുക | 80/2015-16/17.08.2015 ₹9,96,904/- |
| എം-ബുക്ക് നം. | 12/15 |

എം.ബുക്ക് പ്രകാരം 192.20മീറ്റർ റോഡ് കോൺക്രീറ്റ് പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. നേരിട്ടുള്ള സ്ഥലപരിശോധനയിൽ കോൺക്രീറ്റിന്റെ അളവ് 184.മീറ്ററാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ നിന്നും 8.20 മീറ്റർ കുറവാണ് യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി. എം.ബുക്ക് പ്രകാരം 1മീറ്റർ കോൺക്രീറ്റിന് ₹5,186.80 (996904/192.20) ചെലവായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 8.20 മീറ്റർ കുറവായതിനാൽ ₹42,532/- (8.20 x 5186.80) ജില്ലാപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക ഉത്തരവാദികളായ എൻജിനീയർമാരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-7 സ്ഥലംമാറ്റ യാത്രപ്പടി നിയമവിരുദ്ധമായി പിൻവലിച്ചത്

വൗച്ചർ നമ്പർ - 21500122/15-06-2015 ₹8,289/-

ചെക്ക് നമ്പർ – 1930345/11-06-2015

ജില്ലാപഞ്ചായത്ത് ഫൈനാൻസ് ഓഫീസർ ശ്രീ. സഹീദ് ഉദ്യോഗക്കയറ്റം ലഭിച്ച് വിടുതൽ ചെയ്ത് തിരുവനന്തപുരത്ത് ഐ.എം.ജി.-യിൽ ഡയറക്ടറായി നിയമിതനായി പോയപ്പോൾ സ്ഥലംമാറ്റ യാത്രാബത്ത ഇനത്തിൽ മേൽ വൗച്ചർ പ്രകാരം ₹8,289/- (സെൽഫ് ചെക്ക് പ്രകാരം) നൽകിയിട്ടുണ്ട്. സ്ഥലംമാറ്റം ലഭിച്ച സ്ഥലത്ത് ജോലിയിൽ പ്രവേശിച്ച ശേഷം പ്രസ്തുത ഓഫീസിൽ നിന്നമാണ് യാത്രപ്പടി വാങ്ങേണ്ടത്. എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും മേൽ സൂചിപ്പിച്ച സ്ഥലംമാറ്റ യാത്രാബത്ത പിൻവലിക്കാൻ പാടുള്ളതല്ല. ആയതിനാൽ മേൽ ചെലവ് അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-8 മൂന്നാർ ഗ്രാമ പഞ്ചായത്ത്-കടലാർ വെസ്റ്റ് ഡിവിഷൻ റോഡ് കേൺക്രീറ്റിംഗ്(പ്രൊജക്ട്.നം.604/16)-അധിക നിരക്ക് നല്കിയതിനാൽ നഷ്ടം

| | | |
|---|---|---|
| അടങ്കൽ | ₹10,00,000/- എസ്.സി.പി. | |
| കൺവീനർ | പാണ്ടിസ്വാമി | |
| ബിൽ വിശദാംശങ്ങൾ | 42/15-16/27-07-2015 | ₹10,00,000/- |
| എം. ബുക്ക് നമ്പർ | 11/15 | |

മേൽ പ്രവൃത്തിയുടെ രേഖകൾ പരിശോധിച്ചപ്പോൾ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റുകൾക്ക് ദേവികുളം 2012 ഷെഡ്യൂൾ റേറ്റിൽ കൊടുത്തിരിക്കുന്നതിലും അധിക നിരക്ക് നല്കിയിരിക്കുന്നതായി (എം. ബുക്ക് നമ്പർ പേജ് 6) വ്യക്തമാകുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2012ഷെഡ്യൂൾ റേറ്റ് പ്രകാരം നല്കാവുന്ന തുക ₹ (10dm3-ന്) | നല്കിയത് ₹ | അളവ് (dm3) | ആകെ തുക ₹ | | അധികം ₹ | നികുതി ഉൾപ്പെടെ(6%) ആകെ നഷ്ടം ₹ |
|---|---|---|---|---|---|---|---|
| | | | | നല്കാവുന്നത് | നല്കിയത് | | |
| 1:2:4 കോൺക്രീറ്റ് | 79 | 81 | 50625 (50.625 m3) | 399937.5 | 410062.5 | 10125 | 10733 |

അധിക നിരക്ക് അനുവദിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് ഉണ്ടായ ₹10,733/- നഷ്ടം അന്തിമബിൽ കൃത്യമായി തയ്യാറാക്കി പാസ്സാക്കുന്നതിൽ വീഴ്ച വരുത്തിയ എക്സി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-9 ചിക്കണാംകുടി വാലായ്മപ്പുര – വാട്ടർടാങ്ക് സ്ഥാപിച്ചില്ല – നഷ്ടം - ₹10,000/-

| | |
|---|---|
| പദ്ധതി | മാങ്കുളം ഗ്രാമപഞ്ചായത്ത് – ചിക്കണാംകടി വാലായ്മപ്പുര (SO514/16) |
| കൺവീനർ | രാജൻ കൊരുതൻ |

| | |
|---|---|
| അടങ്കൽ | ₹10,00,000/- |
| ബിൽനം./തീയതി/ തുക | 243/2015-16/14.1.2016 ₹3,02,411/- |
| എം. ബുക്ക് നം. | 382/15 |

എം. ബുക്ക് നം.382/15 പേജ് നം.91-ൽ 2000 ലിറ്ററിന്റെ പി.വി.സി. വാട്ടർടാങ്ക് സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തി, ടാങ്കിന്റെ വിലയായി ₹10,000/- മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ നേരിട്ടുള്ള സ്ഥലപരിശോധനയിൽ ഇപ്രകാരം ഒരു ടാങ്ക് സ്ഥാപിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ ടാങ്കിനുവേണ്ടി പിൻവലിച്ച ₹10,000/- ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദികളായ അസി. എക്സി. എഞ്ചിനീയർ, അസി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-10 മറയൂർ കോടക്കുളം പെട്ടി എസ്.റ്റി. കോളനി പൈപ്പ് ലൈൻ അറ്റകുറ്റപ്പണി - പ്രവൃത്തി നിർവ്വഹിക്കാതെ പണം ചെലവ് ചെയ്തിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | S1203/13, മറയൂർ കോടക്കുളം പെട്ടി എസ്.റ്റി. കോളനി പൈപ്പ് ലൈൻ അറ്റകുറ്റപ്പണി |
| അടങ്കൽ | 15,00,000/- |
| കൺവീനർ | തിരുമൂർത്തി |
| അളവ് ബുക്ക് | 629/13 |
| ബിൽ നം./തീയതി/തുക | ഡി.ഡി. നം./തീ. 4089/14.03.13 ₹.1,00,000/-<br>ബിൽ നം./തീ. 199/15-16 /12.11.15 ₹ 13,42,720/- |

മറയൂർ ഗ്രാമപഞ്ചായത്തിലെ മറയൂർ - കോടക്കുളം പെട്ടി എസ്.റ്റി. കോളനി പൈപ്പ് ലൈൻ അറ്റകുറ്റപ്പണി എന്ന പദ്ധതി ജില്ലാ പഞ്ചായത്ത് 2013-14-ൽ ഏറ്റെടുത്തതാണെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ച് 2015-16 വർഷമാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയിൽ 1304 മീറ്റർ 90 എം.എം. എച്ച്.ഡി.പി.ഇ. പൈപ്പ്, 602 മീറ്റർ 60 എം.എം. എച്ച്.ഡി.പി.ഇ. പൈപ്പ്, 1656 മീറ്റർ 50 എം.എം. ജി.ഐ.പൈപ്പ് എന്നിവ സ്ഥാപിക്കാനാണ് എസ്റ്റിമേറ്റിൽ ലക്ഷ്യമിട്ടത്. എന്നാൽ ഓഡിറ്റ് വേളയിൽ മറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, അസി. എൻജിനീയർ, മറയൂർ ഗ്രാമപഞ്ചായത്ത്, എസ്.റ്റി. പ്രമോട്ടർ, കൺവീനർ ശ്രീ. തിരുമൂർത്തി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ പ്രസ്തുത പ്രവൃത്തി നടത്തുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ജി.ഐ.പൈപ്പ് വാങ്ങിയതായി അറിയില്ലെന്നും എച്ച്.ഡി.പി.ഇ. പൈപ്പ് മാത്രമാണ് വാങ്ങിയിട്ടുള്ളതെന്നും കൺവീനർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തിയുടെ അവസാന ബിൽ പ്രകാരം കൺവീനർ കൈപ്പറ്റിയതായി ഫയലിൽ കാണുന്ന ₹.11,99,747/-യുടെ രസീതിലെ ഒപ്പ് ഇദ്ദേഹത്തിന്റേതല്ല എന്നും അറിയിച്ചിട്ടുണ്ട്. ആകയാൽ വ്യാജ രേഖ ചമച്ച് പണം കൈപ്പറ്റിയതായി സംശയിക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. ആകയാൽ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് വിശദമായ ഒരു വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. മേൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്രവാഹനവിതരണം-പദ്ധതി നിർവഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ

| | | |
|---|---|---|
| പ്രോജക്ട് നം | 862/16 (ജനറൽ-പുരുഷൻ) | 863/16 (ജനറൽ-സ്ത്രീ) |

| | | | |
|---|---|---|---|
| അടങ്കൽ തുക | ₹72,24,000/- | ₹72,24,000/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | |
| ബിൽ നം. | 36/26.12.2015 | 65/24.02.2016. | 84/30.03.2016 |
| ബിൽ തുക | ₹72,24,000/- | ₹32,25,000/- | ₹39,99,000/- |
| ആകെ ചെലവ് | ₹72,24,000/- | ₹72,24,000/- | |

പ്രസ്തുത പ്രൊജക്ടുകളിലൂടെ 112 വീതം ഗുണഭോക്താക്കൾക്ക് വാഹനങ്ങൾ വിതരണം ചെയ്യതിന് മേൽ ബില്ലുകൾ പ്രകാരം ആകെ ₹14,448,000/- (64500x224 ഗുണഭോക്താക്കൾ) ചെലവഴിച്ചിട്ടുണ്ട്.

വാഹനങ്ങൾ വാങ്ങിയതിലും വിതരണം ചെയ്യതിലും കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. സ.ഉ.(എം.എസ്.)നം.362/2013/തസ്വഭവ./തീ.16.11.2013 ഖ.5-5ൽ വികലാംഗർക്കുള്ള ഉപകരണങ്ങൾ മാത്രമാണ് കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് അനുമതിയുള്ളത്. മോട്ടോർ വാഹനം വാങ്ങുന്നതിനുള്ള അനുമതിയായി ഇതിനെ കണക്കാക്കാനാവില്ല. കെൽട്രോൺ ഏതെങ്കിലും ഇരുചക്ര വാഹന കമ്പനിയുടെ അംഗീകൃത വ്യാപാരിയല്ല. ഈ സാഹചര്യത്തിൽ അംഗീകൃത ഇരുചക്ര വാഹന വ്യാപാരികളിൽ നിന്നും മത്സര ടെണ്ടർ വഴിയായിരുന്നു വാങ്ങൽ നടത്തേണ്ടിയിരുന്നത്. ആകയാൽ ഈ നിർദ്ദേശത്തിന്റെയും സ.ഉ.(ആർ.റ്റി)23/2012/SPD തീ.18.06.2012 പ്രകാരം 02.03.2013 വരെ (ഈ തീയതി ദീർഘിപ്പിച്ച കൊണ്ടുള്ള ഉത്തരവ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.) കെൽട്രോണിൽ നിന്നും സാധന സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ നടപടി ആവശ്യമില്ല എന്ന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ മോട്ടോർ വാഹനങ്ങൾ വാങ്ങിയിട്ടുള്ളത് ക്രമവിരുദ്ധമാണ്.

2 ഈ വാങ്ങലിൽ എക്സൈസ് ഡ്യൂട്ടി, വാറ്റ് എന്നീയിനങ്ങൾ വ്യക്തമാക്കുന്ന നിയമാനുസൃത ബിൽ കെൽട്രോൺ ഹാജരാക്കിയിട്ടില്ല.

3. വാങ്ങിയിട്ടുള്ള മോട്ടോർ വാഹനങ്ങൾ 60cc യ്ക്ക് മുകളിലുള്ളവയായതിനാൽ ഇവ നിരത്തിൽ ഓടിക്കുന്നതിന് മോട്ടോർ വാഹന നിയമം അനുസരിച്ച് ലൈസൻസ് ആവശ്യമാണ് എന്ന സുപ്രധാനമായ വസ്തുത പരിഗണിക്കാതെയാണ് വാഹനങ്ങൾ വിതരണം ചെയ്തിട്ടുള്ളത്.

4. ബുദ്ധിമാന്ദ്യം ഉള്ള വ്യക്തിക്ക് വാഹനം നല്കിയിരിക്കുന്നു. കരിങ്കുന്നം പഞ്ചായത്തിൽ നിന്നുമുള്ള ഗുണഭോക്താവായ ആഷ്ന ബഷീർ, പാറമേൽ കാട്ടോലി, തട്ടാരത്തട്ട, എന്ന വ്യക്തി ബുദ്ധിമാന്ദ്യം ഉള്ളയാളാണ് എന്ന് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കെ മോട്ടോർ വാഹനം അനുവദിച്ചു.

5. വാഹനം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | പേര് | പഞ്ചായത്ത് |
|---|---|---|
| 1 | ഗ്രേസി ശ്രീധരൻ | കൊന്നത്തടി |
| 2 | സ്റ്റീഫൻ ജോസഫ് | വെള്ളത്തൂവൽ |

| | | |
|---|---|---|
| 3 | ആശമോൾ ജെ. വൈരമലയിൽ | പെരുവന്താനം |

മേൽ അപാകതകൾ സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം/സാധൂകരണം ലഭ്യമാക്കുന്നതുവരേയ്ക്കും ഈ രണ്ടു പ്രൊജക്ടുകളിലേയും ആകെ ചെലവ് ₹1,44,48,000/- തടസ്സപ്പെടുത്തുന്നു.

## 3-12 വാഗമൺ കുടിവെള്ള പദ്ധതി-പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ

| | |
|---|---|
| പ്രോജക്ട് നം | 217/16 |
| അടങ്കൽ തുക | ₹15,00,000/-(വികസന ഫണ്ട് – SCP) |
| കൺവീനർ | ബാലകൃഷ്ണൻ പാറക്കെട്ട് |
| ബിൽ നം. | 1/15-16 തീ.16.04.2015 |
| ബിൽ തുക | ₹11,05,142/- |
| അളവ് ബുക്ക് | 419/15 |

വാഗമൺ ടൗണിന് സമീപമുള്ള കുളത്തിൽ നിന്നും റോഡിന് മുകൾ ഭാഗത്ത് ജല അതോറിറ്റിയുടെ വാട്ടർ ടാങ്കിന് സമീപമായി സ്ഥാപിച്ചിട്ടുള്ള സിന്തറ്റിക് വാട്ടർ ടാങ്കുകളിലേക്ക് 10HP മോട്ടോർ ഉപയോഗിച്ച് വെള്ളമെത്തിക്കുന്നതിനും അവിടെ നിന്നും വിതരണ ലൈനുകൾ വഴി പാറക്കെട്ട് ഭാഗത്തുള്ള എസ്.സി. കോളനി നിവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനും ആവിഷ്കരിച്ച പദ്ധതിയാണിത്. പമ്പ് ഹൗസ് നിർമ്മാണം, കുളത്തിന്റെ അറ്റകുറ്റ പണി, 10000 ലിറ്റർ കപ്പാസിറ്റിയുള്ള സിന്തറ്റിക് വാട്ടർ ടാങ്ക്, 50 എം.എം. ജി.ഐ. പൈപ്പ് ഉപയോഗിച്ചുള്ള മെയിൻ ലൈൻ, വിതരണ ലൈനുകൾ എന്നിവ സ്ഥാപിക്കുക എന്നീ ഇനങ്ങൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടത്. പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകളാണ് ഉണ്ടായിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. പമ്പ് ഹൗസ് നിർമ്മാണം – ചെയ്യാത്ത പ്രവൃത്തികൾ അളവു ബുക്കിൽ രേഖപ്പെടുത്തി അനധികൃതമായി തുക പിൻവലിച്ചു വാഗമൺ ടൗൺ കുളത്തിന് സമീപമുള്ള പമ്പ് ഹൗസ് നിലവിലുണ്ടായിരുന്നതാണെന്നും ഏകദേശം 10 വർഷങ്ങൾക്ക് മുമ്പ് മറ്റൊരു പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ളതാണെന്നും അഴുത ബ്ലോക്ക്പഞ്ചായത്ത് വൈസ് പ്രസിഡണ്ട്, വാഗമൺ കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതി അംഗങ്ങളിലൊരാളായ ശ്രീ. എം. ശിവൻ പുത്തൻപുരയ്ക്കൽ എന്നിവർ 09.03.2017ൽ ഏലപ്പാറ ഗ്രാമപഞ്ചായത്ത് LSGD വിഭാഗം ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധയിൽ മൊഴി നല്കിയിട്ടുണ്ട്. പമ്പ് ഹൗസ് നിലവിലുണ്ടായിരുന്നിട്ടും പുതിയ പമ്പ് ഹൗസ് നിർമ്മാണം നടത്തിയതായി അളവ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യാത്ത പ്രവൃത്തിയുടെ പേരിൽ കൺവീനർക്ക് തുക പിൻവലിച്ച് നല്കുകയും ചെയ്തിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അളവുബുക്ക് ഇനം നം. | പ്രവൃത്തിയുടെ പേര് | രേഖപ്പെടുത്തിയ പ്രവൃത്തി അളവ് | നിരക്ക് | തുക(₹) |
|---|---|---|---|---|---|
| 1 | 4 | Earth work excavation in ordinary soil | 1.625m3 | 1452/10m3 | 235.95 |
| 2 | 5 | R.R masonry in cm 1:6 | 2.436m3 | 3265/m3 | 7953.54 |

| ക്രമ നം | അളവുബുക്ക് ഇനം നം. | പ്രവൃത്തിയുടെ പേര് | രേഖപ്പെടുത്തിയ പ്രവൃത്തി അളവ് | നിരക്ക് | തുക(₹) |
|---|---|---|---|---|---|
| 3 | 6 | Load bearing high density soil concrete brick works using 40*20*10 including all cost | 1.155m3 | 4649/m3 | 5369.59 |
| 4 | 7 | supplying&fixing RCC door frame | 1No | 900 each | 900 |
| 5 | 8 | Reinforced cement concrete 1:1.5:3 using 20mm b/s | 0.482m3 | 141.6/10dm3 | 6825.12 |
| 6 | 9 | Reinforced RCC bent&tied placed in position | 19.019kg | 6503/Qtl | 1236.80 |
| 7 | 10 | Plastering with cm 1:4 12mm thick | 14m2 | 2006/10m2 | 2808.4 |
| 8 | 11 | Anjili wood battend shutter including all cost | 0.850m2 | 286.6/10dm2 | 2436.10 |
| ആകെ | | | | | 27565.5 |

2. പദ്ധതി പൂർത്തീകരിക്കാതെ അന്തിമ ബിൽ തയ്യാറാക്കി കൺവീനർക്ക് തുക അനുവദിച്ചു. എസ്റ്റിമേറ്റിൽ ഇനം 15 ആയി 270 മീറ്റർ നീളത്തിൽ 40 എം.എം ജി.ഐ പൈപ്പും ഇനം 17 ആയി 250 മീറ്റർ നീളത്തിൽ 32 എം.എം ജി.ഐ പൈപ്പും വിതരണ ലൈനായി സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികൾ നാളിതുവരെയും നടപ്പാക്കിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും പൂർത്തീകരിക്കാതെയാണ് അന്തിമ ബിൽ തയ്യാറാക്കിയിട്ടുള്ളത്. മെയിൻ ലൈൻ, വിതരണ ലൈനുകൾ എന്നിവ വാട്ടർ ടാങ്കുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടില്ല. മാത്രമല്ല പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ നല്കുകയും ചെയ്തിട്ടില്ല.

3. വാഗമൺ പാറക്കെട്ട് ഭാഗത്തുള്ള എസ്.സി കോളനി നിവാസികളായിരുന്നു പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കൾ. എങ്കിലും അവർക്ക് കുടിവെള്ളം ലഭ്യമാക്കിയില്ല. 50 എം.എം ജി.ഐ പൈപ്പ് ഉപയോഗിച്ച് 400 മീറ്റർ നീളത്തിൽ മെയിൻ ലൈനും 2710 മീറ്റർ നീളത്തിൽ വിതരണ ലൈനും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പൈപ്പുകൾ കുടിവെള്ള ടാങ്കുമായി ബന്ധിപ്പിക്കാത്തതിനാൽ പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് നാളിതുവരെയും കുടിവെള്ളം ലഭ്യമായിട്ടില്ല. പ്രസ്തുത പദ്ധതിയ്ക്കായി സ്ഥാപിച്ചിട്ടുള്ള രണ്ട് സിന്തറ്റിക് വാട്ടർ ടാങ്കുകളും 2710 മീറ്റർ നീളത്തിൽ സ്ഥാപിച്ചിട്ടുള്ള വിതരണ ലൈനും നാശോന്മുഖമായ അവസ്ഥയിലുമാണ്. മെയിൻ ലൈൻ ജല അതോറിറ്റിയുടെ വാട്ടർ ടാങ്കുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ കേരള വാട്ടർ അതോറിറ്റിയ്ക്കാണ് പദ്ധതിയുടെ യഥാർത്ഥ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്നത്.

ഗുണഭോക്താക്കൾക്ക് യാതൊരു പ്രയോജനവും ലഭിക്കാത്ത വിധത്തിൽ പദ്ധതി നടപ്പാക്കിയ ഇനത്തിലുള്ള ₹11,05,142/-ന്റെ പാഴ്ചെലവ്

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 വിഷൻ - 2020 പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കുപയുക്തമായ നടപടികൾ ആവിഷ്കരിച്ചിട്ടില്ല - ചെലവ് തടസ്സം - ₹10,88,881/-

| പ്രോജക്റ്റ് നം. | 11/16(പുതിയത്) | | 195/16 (സ്പിൽ ഓവർ) |
|---|---|---|---|
| അടങ്കൽ തുക | ₹10,00,000/- | | ₹3,47,205/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | | സെക്രട്ടറി |
| ബിൽ നം | 32/17.12.2015 | 91/31.03.2016 | 7/17.08.2015 |
| ബിൽ തുക | ₹4,80,006/- | ₹3,64,500/- | ₹2,44,375/- |
| ആകെ ചെലവ് | ₹8,44,506/- | | ₹2,44,375/- |

ജില്ലാപഞ്ചായത്ത് 2014-15 മുതൽ ഏറ്റെടുത്ത് വരുന്ന ഈ പദ്ധതിയിൽ ഓരോ വർഷവും ₹10,00,000/- വീതം ചെലവഴിച്ച് 2020 ഒളിമ്പിക്സിൽ ഇടുക്കി ജില്ലയിൽ നിന്നും മെഡൽ ജേതാക്കളെ വാർത്തെടുക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

വണ്ണപ്പുറം, SNM-VHSSലെ കായിക പരിശീലകനും ദ്രോണാചാര്യ അവാർഡ് ജേതാവുമായ ശ്രീ. കെ. പി. തോമസുമായുണ്ടാക്കിയ ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ പൂർണ്ണ ചുമതല അദ്ദേഹത്തെ ഏല്പിച്ചിട്ടുള്ളതും അദ്ദേഹം ഹാജരാക്കുന്ന വൗച്ചറുകൾ, റിക്വിസിഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ ബിൽ മാറി തുക നല്കുകയുമാണ് ചെയ്തുവരുന്നത്.

ലക്ഷ്യപ്രാപ്തി നേടുന്നതിനായി അനുവർത്തിക്കേണ്ടിയിരുന്ന താഴെ കൊടുത്തിട്ടുള്ള അനിവാര്യ നടപടിക്രമങ്ങൾ ഈ പദ്ധതിയുടെ കാര്യത്തിൽ ഉണ്ടായിട്ടില്ല എന്നു കാണുന്നു.

1. 2020ലെ ഒളിമ്പിക്സ് മെഡൽ ലക്ഷ്യം വെച്ചുള്ള വിശദമായ ഒരു പ്രോജക്റ്റ് റിപ്പോർട്ട് ഈ രംഗത്തെ വിദഗ്ധരുടെ മേൽനോട്ടത്തിൽ തയ്യാറാക്കിയിരുന്നില്ല.
2. പരിശീലനാർത്ഥികളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം ഫയലിൽ വ്യക്തമല്ല. 2020ലെ ഒളിമ്പിക്സ് ലക്ഷ്യം വെച്ചുള്ള പദ്ധതിയിൽ നിലവിൽ ദേശീയ നിലവാരമെങ്കിലും പുലർത്താത്ത വ്യക്തി പരിശീലനം തുടരുന്നത് ആശാസ്യമല്ല.
3. തൻ വർഷം പരിശീലനം നേടിയിട്ടുള്ള 27 കുട്ടികളും 10-15 പ്രായം ഗ്രൂപ്പിൽ ഉൾപ്പെടുന്നവരാണ് എന്നു കാണുന്നു. 2020ൽ ഈ കുട്ടികൾക്ക് 14 മുതൽ 19 വയസ്സ് വരെ മാത്രമേ പ്രായമുണ്ടാകൂ എന്നതും സ്കൂൾ വിദ്യാഭ്യാസ കാലത്തിന് ശേഷം ഇവരുടെ തുടർ പരിശീലനത്തിന് സംവിധാനമൊന്നും ഇതുവരെയും ഏർപ്പെടുത്തിയിട്ടില്ല എന്നതും പദ്ധതിയുടെ പോരായ്മയാണ്.
4. അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സംവിധാനം, പശ്ചാത്തല സൗകര്യങ്ങൾ, താമസ സൗകര്യം, എന്നിവ പദ്ധതിയേറ്റെടുത്തിട്ടുള്ള ശ്രീ. കെ .പി. തോമസിന് സ്വന്തമായുണ്ടോ എന്ന് വ്യക്തമല്ല. അദ്ദേഹം നിലവിൽ കായികാദ്ധ്യാപകനായുള്ള സ്കൂൾ സൗകര്യങ്ങളാണ് ഇതിന് ഉപയോഗിക്കുന്നത് എങ്കിൽ യഥാർത്ഥത്തിൽ കരാറിലേർപ്പെടേണ്ടിയിരുന്നത് സ്കൂൾ അധികൃതരുമായാണ്.
5. സ്വന്തമായി സ്പോർട്സ് ഹോസ്റ്റൽ നിലവിലുള്ള ഈ സ്കൂളിലെ ഒരു മുഴുവൻ സമയ കായികാദ്ധ്യാപകന് ഈ പദ്ധതിക്ക് വേണ്ടി മാത്രമായി എത്രമാത്രം പ്രവർത്തിക്കാനാകും എന്നതും ബോദ്ധ്യപ്പെട്ടിട്ടില്ല.

6. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ നേരിട്ടുള്ള ആഭിമുഖ്യത്തിലും സർക്കാർ അംഗീകാരമുള്ളതുമായ ക്ക് അന്താരാഷ്ട്ര നിലവാരമുള്ള പരിശീലന കേന്ദ്രങ്ങളിലോ, വിദേശത്തേക്ക് തന്നെയോ ദേശീയ/അന്തർ ദേശീയ നിലവാരം പുലർത്തുന്ന ഇടുക്കി ജില്ലക്കാരായ കായിക താരങ്ങളെ സ്പോൺസർ ചെയ്യുക വഴി പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കാമായിരുന്നു എന്ന സാധ്യത നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാഞ്ഞിരുന്നോ എന്ന വസ്തുത ഫയലിൽ വ്യക്തതമല്ല.

7. മുൻ വർഷം മുതൽ പരിശീലനം സിദ്ധിച്ച കുട്ടികൾ സംസ്ഥാന തലത്തിലോ, ദേശീയ തലത്തിലോ പുരസ്കാര ജേതാക്കളായതും അതേ നിലവാരത്തിലുള്ള ക്ഷമത പുലർത്തുന്നവരാണെന്നതും സംബന്ധിച്ച രേഖയൊന്നും സൂക്ഷിച്ചിട്ടില്ല.

8. ചുരുക്കത്തിൽ ഒളിമ്പിക്സ് മെഡൽ ലക്ഷ്യമിട്ട് പദ്ധതി ആവിഷ്കരിക്കുകയും സ്കൂൾ കുട്ടികൾക്ക് കായികപരിശീലനം നല്കുകയും മാത്രമാണ് ഈ പദ്ധതിയിൽ ചെയ്തുവരുന്നത്. പദ്ധതി ന്യൂനതകൾ പരിഹരിച്ച് പുന:ക്രമീകരിക്കുന്നതിന് വിധേമായി ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 ബിറ്റുമിൻ വാങ്ങുന്നതിന് തുക കൈമാറിയെങ്കിലും പ്രവൃത്തി ചെയ്തിട്ടില്ല

1) 2010-11 മുതൽ വിവിധ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിന് BPCL−ന് തുക കൈമാറിയെങ്കിലും പ്രവൃത്തികൾ തൻവർഷം വരെ നടപ്പാക്കിയിട്ടില്ല എന്നു കാണുന്നു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | | പ്രവൃത്തി | അടങ്കൽ ₹ | ബിറ്റുമിൻ വാങ്ങുന്നതിന് നൽകിയ തുക ₹ |
|---|---|---|---|---|
| 2010-11 | 2015-16 | | | |
| 69/11 | 342/16 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് – പൂച്ചപ്ര-കമ്പക്കയം റോഡ് | 2,00,000 | 90,502 |
| 435/11 | 308/16 | ആലക്കോട് ഗ്രാമപഞ്ചായത്ത് – ആലക്കോട്-ചെലവ് റോഡ് | 3,00,000 | 84,069 |
| 502/11 | 314/16 | കരുണാപുരം ഗ്രാമപഞ്ചായത്ത് – കൂട്ടാർ-പാറക്കടവ് ചാലക്കുടി റോഡ് | 2,11,000 | 50,441 |
| 507/11 | 316/16 | കട്ടപ്പന ഗ്രാമപഞ്ചായത്ത് – വെള്ളയാംകുടി ഗവ. കോളേജ് റോഡ് | 5,00,000 | 1,28,906 |
| 522/11 | 315/16 | മൂന്നാർ - സെവൻമല പാർവതി റോഡ് റീച്ച്-1 | 5,00,000 | 95,278 |
| 523/11 | 313/16 | മൂന്നാർ - സെവൻമല പാർവതി റോഡ് റീച്ച്-11 | 5,00,000 | 95,278 |
| 524/11 | 312/16 | ദേവികുളം - സൈലന്റ് വാലി തേർഡ് ഡിവിഷൻ റോഡ് | 5,00,000 | 84,069 |

| | | | | |
|---|---|---|---|---|
| 525/11 | 311/16 | ദേവികുളം - അരുവിക്കാട് ടോപ്പ് ഡിവിഷൻ റോഡ് | 5,00,000 | 84,069 |
| 546/11 | 310/16 | മൂന്നാർ - കടലാർ - കടനാർ ഈസ്റ്റ് റോഡ് | 5,00,000 | 95,278 |
| 549/11 | 365/16 | വണ്ടിപെരിയാർ - ഡൈമുക്ക് ചെക്കര റോഡ് -1 | 3,00,000 | 1,23,301 |
| 550/11 | 309/16 | വണ്ടിപെരിയാർ - ഡൈമുക്ക് ചെക്കര റോഡ് -11 | 3,00,000 | 1,23,301 |

<u>നൽകിയ തുക</u> - ബിൽ നം. 279/10-11 dtd 31-3-11 ₹16,40,739/-

ബിൽ നം 198/10-11 dtd 15-3-11 ₹11,13,124/-

ബിൽ നം 175/10-11 dtd 9-3-11 ₹27,82,810/-

2) <u>2011-12</u>

| പ്രൊജക്ട് നം. | | പ്രവൃത്തി | അടങ്കൽ ₹ | ബിറ്റുമിൻ വാങ്ങുന്നതിന് നൽകിയ തുക ₹ |
|---|---|---|---|---|
| <u>2011-12</u> | <u>2015-16</u> | | | |
| 539/12 | 343/16 | കൊന്നത്തടി ഗ്രാമപഞ്ചായത്ത് – ബീനാമോൾ-പുരയിടം സിറ്റി റോഡ് | 5,00,000 | 1,29,530 |
| 574/12 | 347/16 | വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് – ഇഞ്ചിക്കാട്-സലാമിയ റോഡ് - 11<br>(ബിറ്റുമിന് നൽകിയ തുക കൂടാതെ 1,00,000/- Advance നൽകിയിട്ടുണ്ട്) | 5,00,000 | 1,22,334 |
| 575/12 | 346/16 | വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് – ഇഞ്ചിക്കാട്-സലാമിയ റോഡ് - 1<br>(ബിറ്റുമിന് നൽകിയ തുക കൂടാതെ 1,00,000/- Advance നൽകിയിട്ടുണ്ട്) | 5,00,000 | 1,22,334 |
| 628/12 | 353/16 | മരിയാപുരം ഗ്രാമപഞ്ചായത്ത് - മിനി-ചിറ്റേത്ത്പടി റോഡ് | 4,00,000 | 93,550 |
| 669/12 | 354/16 | പെരുവന്താനം ഗ്രാമപഞ്ചായത്ത് – ചെറുവള്ളി കുളം-പുറക്കയം റോഡ് | 3,00,000 | 1,36,309 |

<u>നൽകിയ തുക</u> : ബിൽ നം. 110/11-12/തീ. 24-01-2012, ₹1,06,71,846/-

ബിൽ നം 151/11-12/തീ. 23-03-2012, ₹68,83,584/-

3) <u>2013-14</u>

| പ്രൊജക്ട് നം. | | പ്രവൃത്തി | അടങ്കൽ ₹ | ബിറ്റുമിൻ വാങ്ങുന്നതിന് നൽകിയ തുക ₹ |
|---|---|---|---|---|
| 2013-14 | 2015-16 | | | |
| 188/14 | 233/16 | പഴയ ദേവികുളം - മാനില റോഡ് | 3,73,421 | ₹1,45,463/- |

| | | | | |
|---|---|---|---|---|
| | | | | (വൗ.നം.1054/2-14<br>തീ. 11-02-2014} |
| 244/14 | 247/16 | പീരുമേട് ഓട്ടപ്പാലം - പൂങ്കാവനം റോഡ്<br>(ബിറ്റുമിന് നൽകിയ തുക കൂടാതെ<br>₹1,00,000/-<br>Advance നൽകിയിട്ടുണ്ട്) | 10,00,000 | ₹2,03,601/-<br>(ഡി.ഡി.നം. 426212/04-02-2014<br>₹90,91,251) |

| പ്രൊജക്ക് നം. | | പ്രവൃത്തി | അടങ്കൽ | ബിറ്റുമിൻ വാങ്ങുന്നതിന് നൽകിയ തുക |
|---|---|---|---|---|
| 2014-15 | 2015-16 | | | |
| 188/14 | 233/16 | പഴയ ദേവികുളം - മാനില റോഡ് | 3,73,421 | ₹1,45,463/-<br>(വൗ.നം.1054/2-14/തീ. 11-02-2014} |
| 244/14 | 247/16 | പീരുമേട് ഓട്ടപ്പാലം - പൂങ്കാവനം റോഡ്<br>(ബിറ്റുമിന് നൽകിയ തുക കൂടാതെ<br>₹1,00,000/-<br>Advance നൽകിയിട്ടുണ്ട്) | 10,00,000 | ₹2,03,601/-<br>(ഡി.ഡി.നം. 426212/4-2-14,<br>₹90,91,251/-) |

4) 2014-15

| പ്രൊജക്ക് നം. | | പ്രവൃത്തി | അടങ്കൽ ₹ | ബിറ്റുമിൻ വാങ്ങുന്നതിന് നൽകിയ തുക ₹ |
|---|---|---|---|---|
| 2014-15 | 2015-16 | | | |
| 1102/15 | 500/16 | ഉപ്പുത്തറ ഗ്രാമപഞ്ചായത്ത് – വളക്കോട്-മുന്നപടി റോഡ് | 9,00,000 | ₹2,45,797/- |
| 1222/15 | 518/16 | പീരുമേട് ഗ്രാമപഞ്ചായത്ത് – ലാഭം-മ്ലാമല റോഡ് | 13,00,000 | ₹2,75,168/- |
| 1238/15 | 522/16 | വണ്ടി പെരിയാർ ഗ്രാമപഞ്ചായത്ത് – മ്ലാമല-തെങ്ങ് കല്ല് | 10,00,000 | ₹3,53,117/-<br>(വൗ.നം.21401289/3-3-15) |
